# കാർഷികകാലാവസ്ഥബുള്ളറ്റിൻ - ആലപ്പുഴ ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Alp-87/2024** *ചിത്തിര ഞാറ്റുവേല* **തീയതി: 01.11.2024 തുലാം 16**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (27/10/24- 31/10/24) | കാലാവസ്ഥ പ്രവചനം (02/11/24-06/11/24) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 34.5 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 24.0 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 62 -നും 95 നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 2-4 കിലോമീറ്റർ വരെയുമായിരുന്നു. ആലപ്പുഴ ജില്ലയിൽ ഈ കാലയളവിൽ 2.8 മി മി മഴ ലഭിച്ചു. | ആലപ്പുഴ ജില്ലയിൽ വരുന്ന അഞ്ചു ദിവസം ഉച്ചത്തിരിഞ്ഞു ഇടിയോടുകൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യത. ഈ ആഴ്ച പരമാവധി താപനില 34.0$^0$C ഉം കുറഞ്ഞ താപനില 25.0$^0$C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 62% നും 95% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 2 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | ഉയർന്ന താപനിലയും കുറഞ്ഞ അന്തരീക്ഷ ആർദ്രതയും മൂലം നീരുവലിച്ചുകുടിക്കുന്ന പ്രാണികളുടെ ആക്രമണ സാധ്യത കൂടും.ഇത് വൈറസ് രോഗങ്ങൾ പടരാൻ ഇടയാക്കും നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കുക. |
| **തെങ്ങ്** | വളർച്ചാ ഘട്ടം | തെങ്ങോലയിൽ വെള്ളീച്ചയുടെ ആക്രമണം രൂക്ഷമാകാൻ സാദ്ധ്യതയുണ്ട്. വേപ്പെണ്ണ 5 മില്ലിയും 10 ഗ്രാം ബാർസോപ്പ് ചീകിയതും ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു ഓലയുടെ അടിഭാഗം നനയും വിധം തളിക്കുക. |
| **വാഴ** | വളർച്ചാ ഘട്ടം | നീര് ഊറ്റി കുടിക്കുന്ന വാഴപ്പേൻ, കുറുനാമ്പ് കൊക്കാൻ തുടങ്ങി വൈറസ് രോഗങ്ങൾ പരത്തുന്നു. ഇവക്കെതിരെ പുകയില കഷായം തളിക്കുക , ഡൈമെത്തോയേറ്റ് 30 EC തളിച്ചു കൊടുക്കാം, അല്ലെങ്കിൽ വാഴക്കുഴിയിൽ കാർബോസഫൻ 6G 20 ഗ്രാം ചേർത്ത കൊടുക്കാം |
| **പയർ** | വളർച്ചാ ഘട്ടം | പയറിലെ കരിവള്ളി രോഗത്തിനെതിരേ കാർബെണ്ടാസിം 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കുക, പയർ വിത്ത് നടുന്നതിനു മുൻപായി ബാവിസ്റ്റിന് 2gm ചേർത്തതിനു ശേഷം നടുക |
| **റബ്ബർ** | വളർച്ചാ ഘട്ടം | റബ്ബറിൽ കുമിൾ രോഗങ്ങളെ നിയന്ത്രിക്കാൻ ഇൻഡോഫിൽ M 45 , 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വെട്ടുപാട്ടയിൽ തളിച്ചുകൊടുക്കുക |
| **കുരുമുളക്** | വളർച്ചാ ഘട്ടം | കുരുമുളകിൽ ഫൈറ്റോഫ്തോറ ആക്രമണം തടയുന്നതിനായി ബോഡോ മിക്സ്ച്ചർ 1 % തളിക്കുക. കോപ്പർ ഓക്സി ക്ലോറൈഡ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു ചെടിയുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കുക. |